## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 386 — 6-2-2013-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ് വർദ്ധന

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. രാധാകൃഷ്ണൻ

**ശ്രീ. ആര്യാടൻ മുഹമ്മദ്.**
**(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ജൂലായ് ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് സമഗ്രമായി വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

കൂടാതെ 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, വ്യാവസായിക വാണിജ്യ ഗാർഹികേതര ഉപഭോക്താക്കൾക്ക് നിലവിലുള്ള താരിഫിൽ മുൻവർഷ ശരാശരി ഉപഭോഗത്തിന്റെ 90 ശതമാനം വരെ ഉപയോഗിക്കാൻ അനുവദിക്കുകയും ഗാർഹിക ഉപഭോക്താക്കളെ രണ്ടു മാസത്തേയ്ക്ക് 600 യൂണിറ്റ് വരെ നിലവിലുള്ള താരിഫിൽ ഉപയോഗിക്കാൻ അനുവദിക്കുകയും ടി ഉപഭോക്താക്കൾ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് 10 രൂപ നിരക്കിൽ താരിഫ് ഈടാക്കാൻ കമ്മീഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഇതിനു പുറമേ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്തും, ആവശ്യത്തിനായി കായംകുളത്തെ എൻ.ടി.പി.സി.യുടെ യൂണിറ്റിൽ നിന്നും വൻ വില കൊടുത്ത് വൈദ്യുതി വാങ്ങിയത് കാരണം ബോർഡിന് നേരിടേണ്ടി വന്ന സാമ്പത്തിക പ്രതിസന്ധി പരിഗണിച്ചും, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2012 ഡിസംബർ 12-ാം തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് വൈദ്യുതി ബോർഡ് വിവിധ ഉപഭോക്താക്കൾക്ക് താഴെപറയുന്ന രീതിയിൽ ഡിസംബർ 15- ാം തീയതി മുതൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

1. ലോഡ്ഷെഡിംഗിൽ നിന്നൊഴിവാക്കപ്പെട്ട എല്ലാ എച്ച്.റ്റി. ഇ.എച്ച്.റ്റി. ഉപഭോക്താക്കളും അവരുടെ വൈദ്യുതി ഉപയോഗം മുൻവർഷത്തെ ശരാശരി ഉപയോഗത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിന് മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് കൂടി പെനാലിറ്റിയായി ഈടാക്കുന്നതാണ്.

2. നിലവിൽ ലോഡ്ഷെഡിംഗ് ഉള്ള എച്ച്.റ്റി. ഉപഭോക്താക്കൾക്ക് അവരുടെ ഉപയോഗം മുൻവർഷത്തെ ശരാശരി വൈദ്യുതി ഉപഭോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് കൂടി പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

3. എല്ലാ എൽ.റ്റി. വ്യാവസായിക വാണിജ്യ

ഗാർഹികേതര ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം മുൻവർഷത്തെ ശരാശരി ഉപഭോഗത്തിന്റെ 80 ശതമാനമായി നിജപ്പെടുത്തുകയും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള എനർജി ചാർജ്ജ് പെനാൽറ്റി ആയി ഈടാക്കുന്നതുമാണ്.

4. ഗാർഹിക ഉപഭോക്താക്കൾ അവരുടെ ദ്വൈമാസ ഉപഭോഗം 600 യൂണിറ്റായി നിജപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും നിലവിലുള്ള താരിഫിനു പുറമേ നിലവിലുള്ള സ്ലാബ് നിരക്ക് പെനാൽറ്റി ആയി ഈടാക്കുന്നതാണ്.

(ബി) ഇപ്രകാരം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് 2002 ഒക്ടോബർ മുതൽ പത്തു വർഷത്തിനു ശേഷം 2012 ജൂലൈ 1 നാണ് താരിഫ് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുള്ളത്. ടി കാലയളവിൽ വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങിക്കുന്ന കേന്ദ്ര വൈദ്യുതി നിലയങ്ങളുടെ താരിഫ് 50 ശതമാനത്തോളം 2004 ലും 2012 ലും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ നാണ്യപ്പെരുപ്പം മൂലം ബോർഡിന്റെ സ്വന്തം വൈദ്യുതി നിലയങ്ങളിലെ വൈദ്യുതി ഉൽപ്പാദന ചാർജ്ജും വർദ്ധിച്ചിട്ടുണ്ട്. ഇത് കൂടാതെ വൈദ്യുതി കൊണ്ടു വരുന്നതിനുള്ള പ്രസരണ ചാർജ്ജും വർദ്ധിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിലേയ്ക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 1889.15 കോടി രൂപ വൈദ്യുതി ബോർഡിന്റെ വരുമാന കമ്മിയായി അംഗീകരിച്ചിരുന്നു. പ്രസ്തുത കമ്മി നികത്തുന്നതിലേയ്ക്ക് കമ്മീഷൻ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉത്തരവിടുകയും ബോർഡ് 1546.40 കോടി രൂപയുടെ താരിഫ് പെറ്റീഷൻ സമർപ്പിക്കുകയും ചെയ്തു. വൈദ്യുതി ആക്ട് 2003

പ്രകാരവും അപ്പലേറ്റ് ട്രിബ്യൂണൽ ഓഫ് ഇലക്ട്രിസിറ്റിയുടെ 11.11.2012 ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരവും സംസ്ഥാന വൈദ്യുതി ബോർഡ് താരിഫ് പെറ്റീഷൻ സമർപ്പിച്ചിട്ടില്ലെങ്കിൽ കൂടി സംസ്ഥാന വൈദ്യുതി കമ്മീഷൻ അനുവദിച്ചിട്ടുള്ള വരുമാന കമ്മി നികത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കമ്മീഷനു സ്വമേധയാ ചെയ്യാവുന്നതാണ്. അതിനാൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 2012 ജൂലായ് ഒന്നാം തീയതി മുതൽ താരിഫ് വർദ്ധിപ്പിച്ചു കൊണ്ടുത്തരവിറക്കിയിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൈദ്യുതി ചാർജ് വർദ്ധന കൂടുതലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ല. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി ചാർജ്ജ് കുറവാണ്. പ്രസ്തുത വിവരങ്ങൾ അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു

(ഡി) എങ്കിൽ പ്രസ്തുത പരാതി പരിശോധിക്കുവാൻ സ്വീകരിച്ച നടപടി കൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(ഡി) ബാധകമല്ല

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**